(ബി) ആശാവർക്കർമാരുടെ ചുമതലകൾ താഴെപ്പറയുന്നവയാണ്. സമൂഹത്തെ പ്രത്യേകിച്ച് ദുർബല ജനവിഭാഗങ്ങൾക്ക് ലഭ്യമായ ആരോഗ്യ സേവനങ്ങളെ കുറിച്ച് ബോധവൽക്കരിക്കുകയും അത്തരം സേവനങ്ങൾ നേടിയെടുക്കാൻ ജനങ്ങളെ സഹായിക്കുകയും അവകാശങ്ങൾ സംരക്ഷിക്കാൻ അവരോടൊപ്പം പ്രവർത്തിക്കുകയും ചെയ്യുകയാണ് ആശപ്രവർത്തകരുടെ പ്രധാന ഉത്തരവാദിത്വം.

- സാമൂഹികബോധവൽക്കരണവും ആരോഗ്യാവബോധവും സൃഷ്ടിക്കുക.
- ഗർഭിണികൾക്കും കുട്ടികൾക്കുമുള്ള ആരോഗ്യസേവനങ്ങൾ ലഭ്യമാക്കുക.
- ഗർഭിണികളുടെ രജിസ്ട്രേഷൻ നടത്തുക
- ഗർഭകാലശുശ്രൂഷയും ടി.ടി.(IFA) എന്നിവയും ലഭ്യമാക്കുക.
- ജനനീസുരക്ഷാ യോജനയുടെ പ്രയോജനം ലഭ്യാക്കുക.
- കുട്ടികളുടെ ജനന രജിസ്ട്രേഷൻ, പ്രതിരോധ ചികിത്സ തുടങ്ങിയവയിൽ സഹായിക്കുക.
- പ്രാദേശിക ആരോഗ്യപ്രശ്നങ്ങൾ മനസ്സിലാക്കി അവ പരിഹരിക്കാൻ വാർഡ് ആരോഗ്യ ശുചിത്വ കമ്മിറ്റികളുമായി ചേർന്ന് പ്രവർത്തിക്കുക.
- പകർച്ചവ്യാധി നിയന്ത്രണം, കൊതുകനിവാരണം തുടങ്ങിയ പ്രവർത്തനങ്ങളിൽ നേതൃത്വപരമായ പങ്കുവഹിക്കുക.
- നവജാത ശിശുക്കൾ, ഗർഭിണികൾ എന്നിവരെ സംബന്ധിച്ച വിവരങ്ങൾ പ്രാദേശിക ആരോഗ്യ പ്രവർത്തകരെ അറിയിക്കുക.
- നിരോധ്, ഗർഭനിരോധന ഗുളികകൾ, ഒ.ആർ.എസ്., ക്ഷയരോഗ മരുന്ന് എന്നിവയുടെ പ്രാദേശിക വിതരണക്കാരായി പ്രവർത്തിക്കുക.

ഗവൺമെന്റ് നേഴ്സുമാരുടെ പ്രൊമോഷൻ

2 (709) <u>ശ്രീ. ബാബു എം. പാലിശ്ശേരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഗവൺമെന്റ് നേഴ്സുമാരുടെ പ്രമോഷൻ ഉത്തരവുകൾ റദ്ദു ചെയ്യുന്നതിന് വേണ്ടി ചില ഗൂഢനീക്കങ്ങൾ നടക്കുന്നതായി നേഴ്സുമാരുടെ സംഘടനകൾ ആരോപിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നേഴ്സുമാരുടെ പ്രൊമോഷന് നിലവിലുണ്ടായിരുന്ന മാനദണ്ഡങ്ങൾ എന്തായിരുന്നു ; ഏതെങ്കിലും ശമ്പള പരിഷ്കരണ ഉത്തരവിലൂടെ സർക്കാർ ഇത് അംഗീകരിച്ചിട്ടുണ്ടോ ;

(സി) നിലവിൽ എത്ര വർഷത്തെ സീനിയോറിട്ടിയുള്ളവരെയാണ് പ്രൊമോഷന് പരിഗണിക്കുന്നത് ; വിശദമാക്കുമോ ; ഇതുവഴി സർക്കാരിന് എന്ത് അധിക ബാധ്യതയാണ് ഉണ്ടാകുന്നത് ; എങ്ങനെയെന്ന് വ്യക്തമാക്കുമോ ;

ഉത്തരം

(എ) ചില പരാതികൾ ലഭിച്ചിട്ടുണ്ട്. ഗ്രഡേഷനീക്കങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സർക്കാർ ഉദ്യോഗസ്ഥർക്ക് ബാധകമായ സർവ്വീസ് റൂൾസ്, നഴ്സിംഗ് മേഖലയിലെ വിവിധ തസ്തികകളുടെ നിയമനം സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സ്പെഷ്യൽ റൂൾസ് എന്നിവയെ അടിസ്ഥാനമാക്കി, സീനിയോറിറ്റിയുടെ അടിസ്ഥാനത്തിലാണ് അർഹതയുള്ളവർക്ക് പ്രൊമോഷൻ നൽകിവരുന്നത്. ശമ്പള പരിഷ്കരണ ഉത്തരവിലൂടെയാണ് റേഷ്യോ പ്രൊമോഷൻ നടപ്പിലാക്കാൻ ഉത്തരവായത്.

സ്റ്റാഫ് നഴ്സ് ഗ്രേഡ് - I & II (1:1)

സ്റ്റാഫ് നഴ്സ് ഗ്രേഡ്-I/ഹെഡ് നഴ്സ് - (2:1)

(സി) നിലവിലുള്ള തസ്തികകളിൽ അർഹതയുടെ അടിസ്ഥാനത്തിൽ ഒഴിവു വരുന്ന മുറയ്ക്കാണ് പ്രൊമോഷൻ നൽകാറുള്ളത്. ക്ലിപ്തമായ സർവ്വീസ് കാലം പ്രൊമോഷന് നിർബന്ധമില്ല. ഉയർന്ന തസ്തികയിലെ നിലവിലുള്ള ഒഴിവിലേക്കാണ് പ്രൊമോഷൻ നടത്തുന്നതെങ്കിൽ സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാവുന്നില്ല. ഉയർന്ന തസ്തികയിൽ ഒരു ഉദ്യോഗസ്ഥൻ ഉദ്യോഗത്തിലിരുന്നതിനാലും ടി തസ്തികയ്ക്ക് വേണ്ട സാമ്പത്തിക ചെലവുകൾ ഇതിനോടകം വകയിരുത്തിയിട്ടുള്ളതിനാലും സർക്കാരിന് അധികമായ സാമ്പത്തിക ബാധ്യത ഉണ്ടാവുന്നില്ല. എന്നാൽ ഉയർന്ന തസ്തിക പുതുതായി സൃഷ്ടിച്ചാണ് പ്രൊമോഷൻ നടത്തുന്നതെങ്കിൽ സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്നതാണ്.

ആശുപത്രി ജീവനക്കാരുടെ യോഗ്യതകൾ

3 (710) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആശുപത്രി ജീവനക്കാരുടെ യോഗ്യതകൾ സംബന്ധിച്ച നിലവിലെ മാനദണ്ഡം നിശ്ചയിച്ചത് എന്നാണെന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly